Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

01.07.2025

# പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തിന് ജൂബിലി മിഷനിൽ ആദരം

ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തെ ആദരിച്ചു. ചടങ്ങ് ഉദ്ഘാടനം ചെയ്ത കല്യാൺ ജ്വല്ലേഴ്സ് എം. ഡി. ടി. എസ്. കല്യാണ രാമൻ അദ്ദേഹത്തെ സ്വർണപതക്കമണിയിച്ചു. ജൂബിലി ഫ്രട്ടേണിറ്റി ചെയർമാൻ സോളി തോമസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. എം.എൽ.എ. പി. ബാലചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. തനിക്ക് ഡോ. ജോസ് ഹൃദയ ശസ്ത്രക്രിയ ചെയ്തിട്ടുള്ളതും അദ്ദേഹം അനുസ്മരിച്ചു. ജൂബിലി മിഷൻ ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ജോസ് ചാക്കോ പെരിയപുറം അവയവദാനത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നന്ദി പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ് : പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തെ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ കല്യാൺ ജ്വല്ലേഴ്സ് എം.ഡി. ടി. എസ്. കല്യാണരാമൻ സ്വർണ്ണപതക്കം അണിയിച്ച് ആദരിക്കുന്നു. ആശുപത്രി സി.ഇ.ഒ ഡോ. ബെന്നി ജോസഫ്, എം.എൽ.എ. പി. ബാലചന്ദ്രൻ, അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ. ജൂബിലി ഫ്രട്ടേണിറ്റി ചെയർമാൻ സോളി തോമസ് എന്നിവർ സമീപം.